തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശ സേവന വാർത്ത

ജൂലൈ– ആഗസ്റ്റ് 2012
ലക്കം 2
പുസ്തകം 1

www.klgsdp.org
കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി)






## ഫറോക്ക് പഞ്ചായത്തോഫീസിൽ ആധുനിക സംവിധാനങ്ങളോടെയുള്ള ഫ്രണ്ട് ഓഫീസ്

**കേ**രള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ ഭാഗമായി ഫറോക്ക് ഗ്രാമ പഞ്ചായത്തിൽ പുതുതായി നിർമിച്ച ഫ്രണ്ട് ഓഫീസിന്റേയും നവീകരിച്ച പഞ്ചായത്ത് ഓഫീസിന്റേയും ഉദ്ഘാടനം ബേപ്പൂർ എം.എൽ.എ എളമരം കരീം 2012 ജൂലൈ 14ന് നിർവഹിച്ചു. ഫറോക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സരസു വാളക്കട അദ്ധ്യക്ഷം വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ടി. അബ്ദുൾ മജീദ് സ്വാഗതവും സെക്രട്ടറി ടി. അബ്ദുനാസർ റിപ്പോർട്ടും അവതരിപ്പിച്ചു.

പഞ്ചായത്തോഫീസിന്റെ ഒന്നാം നിലയിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുക. ഇവിടേക്ക് വികലാംഗർക്കും പ്രായമായവർക്കും ബുദ്ധിമുട്ടില്ലാതെ എത്താനായി റോഡിൽ നിന്ന് പ്രത്യേക റാമ്പ് നിർമിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് എല്ലാ പഞ്ചായത്തിലും സർക്കാർ നിർബന്ധമാക്കിയപ്പോൾ പരിമിതമായ സൗകര്യത്തിൽ പണി കഴിപ്പിച്ച ഫ്രണ്ട് ഓഫീസാണ് നിലവിലുണ്ടായിരുന്നത്. പഞ്ചായത്ത് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന ജനങ്ങൾക്ക് ഇത് ഏറെ വിഷമതകൾ സൃഷ്ടിക്കുന്നുവെന്നും ഓഫീസിന്റെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമതയെത്തന്നെ പ്രതികൂലമായി ബാധിക്കുന്നുവെന്നും പഞ്ചായത്ത് സമിതി വിലയിരുത്തി. ഇതേത്തുടർന്നാണ് പഞ്ചായത്തോഫീസിൽ എത്തുന്നവർക്ക് കാലതാമസം കൂടാതെ മികച്ച സേവനം ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസും പഞ്ചായത്ത് ഓഫീസും വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനായി 2011–12 വർഷത്തെ പദ്ധതിയിൽപ്പെടുത്തിയത്.

കെ.എൽ.ജി.എസ്.ഡി.പി. സഹായത്തോടെ 20 ലക്ഷം രൂപ ചെലവഴിച്ചാണ് ഓഫീസ് നവീകരിച്ചത്. പെർഫോമൻസ് ഗ്രാന്റ് വിഹിതമായ 17.22 ലക്ഷം രൂപയും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2.78 ലക്ഷം രൂപയുമാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. നേരത്തേ സമർപ്പിച്ച റോഡ് നവീകരണ പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ചാണ് ഫ്രണ്ട് ഓഫീസ് നവീകരണത്തിന് ഫണ്ട് കണ്ടെത്തിയത്.

## വാർത്താ പത്രിക പ്രകാശനം ചെയ്തു

**കേ**രള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി) പ്രതിമാസ വാർത്താ പത്രികയായ *തദ്ദേശസേവന വാർത്ത*യുടെ പ്രകാശനം പഞ്ചായത്ത്, സാമൂഹിക്കക്ഷേമ വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവഹിച്ചു.

2012 ജൂൺ 18–ന് തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ ജെ. സദാനന്ദൻ *തദ്ദേശ സേവന വാർത്ത*യുടെ ആദ്യ പ്രതി മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ട് ഡയറക്ടർ അജിത്കുമാർ, ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) ഡയറക്ടർ ഡോ. ഡി. നാരായണ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (എസ്.ഐ.ആർ.ഡി) ഡയറക്ടർ എ.സുഭാഷ് ബാബു, ഐ.കെ.എം., ഡിസെൻട്രലൈസേഷൻ അനാലിസിസ് സെൽ (ഡി.എ.സി), എസ്.ഐ.ആർ.ഡി., കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനായി കേരള സർക്കാർ രൂപം കൊടുത്ത കെ.എൽ.ജി.എസ്.ഡി.പി–യുടെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പദ്ധതി കാലാവധിയ്ക്കകം 1097.56 കോടി രൂപയാണ് പെർഫോമൻസ് ഗ്രാന്റായി നൽകുന്നത്. പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പൊതുസമൂഹത്തിൽ പ്രചാരം നൽകുന്നതിന് പുറമേ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന നവീനവും അനുകരണീയവുമായ പദ്ധതികളെക്കുറിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനുള്ള വേദിയായും *തദ്ദേശസേവന വാർത്ത* വിഭാവനം ചെയ്തിരിക്കുന്നു.



കെ.എൽ.ജി.എസ്.ഡി.പിയുടെ പ്രതിമാസ വാർത്താ പത്രികയായ *തദ്ദേശസേവന വാർത്ത*യുടെ പ്രകാശനം പഞ്ചായത്ത് ഡയറക്ടർ ജെ. സദാനന്ദന് നൽകി പഞ്ചായത്ത്, സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവഹിക്കുന്നു. പ്രോജക്ട് ഡയറക്ടർ അജിത്കുമാർ സമീപം.




# ഗ്രാമയാത്ര കോഴിക്കോട് ജില്ലയിൽ

**കേ**രള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്റ്റിന്റെ (കെ.എൽ.ജി. എസ്.ഡി.പി) കമ്യൂണിക്കേഷൻ ഘടകത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ഗ്രാമയാത്ര പരിപാടി 2012 ജൂലൈ 2 ന് കോഴിക്കോട് ജില്ലയിൽ നടക്കുകയുണ്ടായി.

പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ.മുനീർ നേരിട്ട് നേതൃത്വം നൽകുന്ന ഗ്രാമയാത്ര പരിപാടി ഉന്നം വെയ്ക്കുന്നത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകളുടെ നവചൈതന്യമാണ്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കൊടുവള്ളി, തിരുവമ്പാടി എന്നീ നിയമസഭാ മണ്ഡലങ്ങളിലെ യഥാക്രമം ഉണ്ണികുളം, കൊടുവള്ളി, പുതുപ്പാടി ഗ്രാമ പഞ്ചായത്തുകളിലാണ് ഗ്രാമയാത്ര പരിപാടി അരങ്ങേറിയത്. പ്രതികൂല കാലാവസ്ഥയെ അവഗണിച്ചും അഭൂതപൂർവമായ ബഹുജന പങ്കാളിത്തമാണ് ഗ്രാമസഭകളിൽ ദൃശ്യമായത്.

കാന്തപുരത്ത് രാവിലെ 9 മണിയ്ക്ക് ഘോഷയാത്രയുടെയും ചെണ്ട മേളത്തിന്റെയും അകമ്പടിയോടെയാണ് ചടങ്ങിലെ വിശിഷ്ടാതിഥികളെ സ്വീകരിച്ചാനയിച്ചത്. പഞ്ചായത്ത് വകുപ്പ് മന്ത്രിയ്ക്കൊപ്പം പഞ്ചായത്ത് പ്രസിഡന്റ് ഷൈനി കെ.പി, പുരുഷൻ കടലുണ്ടി എം.എൽ.എ.,



**പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ ഉണ്ണികുളം ഗ്രാമ പഞ്ചായത്തിലെ ഗ്രാമയാത്ര പരിപാടിയിൽ സംസാരിക്കുന്നു.**



**പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ കൊടുവള്ളി ഗ്രാമ പഞ്ചായത്തിലെ ഗ്രാമയാത്ര പരിപാടിയിൽ സംസാരിക്കുന്നു.**



ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ജമീല കാനത്തിൽ, ജില്ലാ കളക്ടർ കെ.വി.മോഹൻ കുമാർ, പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സൂപ്പി നരിക്കാട്ടേരി തുടങ്ങിയവർ ഗ്രാമയാത്രയുടെ ഉദ്ഘാടന പരിപാടിയിലും തുടർന്ന് നടന്ന ഗ്രാമസഭയിലും പങ്കെടുത്തു.

ബാലുശ്ശേരി നിയമസഭാമണ്ഡലത്തിന് കീഴിലുള്ള അത്തോളി, ബാലുശ്ശേരി, കായണ്ണ, കൂരാച്ചുണ്ട്, കോട്ടൂർ, നടുവണ്ണൂർ, പനങ്ങാട്, ഉള്ള്യേരി എന്നീ പഞ്ചായത്തുകളുടെ ഭാരവാഹികളും പ്രതിനിധികളും പ്രത്യേക ഗ്രാമസഭയിൽ പങ്കെടുത്തു.



**പുതുപ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അലീമ ഹസ്സൻ ഗ്രാമയാത്ര പരിപാടിയിൽ സംസാരിക്കുന്നു.**

കൊടുവള്ളി നിയമസഭാമണ്ഡലത്തിലെ കൊടുവള്ളി ഗ്രാമ പഞ്ചായത്തിലായിരുന്നു ഗ്രാമസഭയുടെ അടുത്ത വേദി. കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി ഹൈസ്കൂളിൽ വച്ച് നടന്ന ഗ്രാമസഭയിൽ കൊടുവള്ളി എം.എൽ.എ. ഉമ്മർ മാസ്റ്റർ, കുന്ദമംഗലം എം.എൽ.എ. പി.ടി.എ. റഹീം, കോഴിക്കോട് കളക്ടർ കെ.വി. മോഹൻ കുമാർ തുടങ്ങിയവർ പങ്കെടുത്തു. കൊടുവള്ളി നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന കിഴക്കോത്ത്, മടവൂർ, നരിക്കുനി, ഓമശ്ശേരി, താമരശ്ശേരി പഞ്ചായത്തുകളുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.



## പദ്ധതികളിലൂടെ



നിർമാണം പൂർത്തിയാക്കിയ ഫ്രണ്ട് ഓഫീസ്: **പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്, മലപ്പുറം**

ജില്ലയിലെ ഗ്രാമയാത്രയുടെ അവസാനത്തെ ഗ്രാമസഭ നടന്നത് തിരുവമ്പാടി നിയമസഭാ മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമ പഞ്ചായത്തിലാണ്. തിരുവമ്പാടി എം.എൽ.എ സി. മോയിൻകുട്ടി ചടങ്ങിൽ സന്നിഹിതനായിരുന്നു. മണ്ഡലത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളായ കാരശ്ശേരി, കോടഞ്ചേരി, കൊടിയത്തൂർ, കൂടരഞ്ഞി, മുക്കം, തിരുവമ്പാടി ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികൾ ഗ്രാമസഭയിൽ പങ്കെടുത്തു.

ഗ്രാമയാത്രയുടെ എല്ലാ വേദികളിലും വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന ശിലയായ ഗ്രാമസഭകളെ സജീവമാക്കേണ്ടതിന്റെ പ്രാധാന്യമാണ് പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ.മുനീർ ആവർത്തിച്ചത്. പൗരന്മാർക്ക് വികസന, ആസൂത്രണ പ്രക്രിയകളിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഗ്രാമസഭകൾ വിവിധഭാഗം ജനങ്ങളുടെ സവിശേഷ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനുള്ള ഫലപ്രദമായ വേദിയാക്കി മാറ്റേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തു പറഞ്ഞു.

ഓരോ ഗ്രാമ പഞ്ചായത്തിനും കെ.എൽ.ജി.എസ്.ഡി.പി-യിൽ നിന്നും ഈ വർഷം ലഭിക്കുന്ന പെർഫോമൻസ് ഗ്രാന്റ് വിഹിതം മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി.

## പദ്ധതികളിലൂടെ



പുതിയ പഞ്ചായത്ത് ഓഫീസ്, ഫ്രണ്ട് ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമാണം പുരോഗമിക്കുന്നു: **സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത്, വയനാട്**

# ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചു

തുടർന്നുള്ള വർഷങ്ങളിലെ കെ.എൽ.ജി.എസ്.ഡി.പി-യുടെ ഫലപ്രദമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചു. ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരുടെ പേരും വിശദ വിവരങ്ങളും അടുത്ത പേജിൽ കൊടുത്തിരിക്കുന്നു. അതത് ജില്ലാ പ്ലാനിംഗ് ഓഫീസുകളുമായി ബന്ധപ്പെട്ടാണ് ഇവർ പ്രവർത്തിക്കുന്നത്.

കെ.എൽ.ജി.എസ്.ഡി.പി-യ്ക്ക് കീഴിൽ, പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനും മോണിറ്ററിംഗിനുമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ സഹായിക്കുകയാണ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ മുഖ്യ ചുമതല. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമാർക്കായി 2012 ജൂലൈ 12-13 തീയതികളിൽ തിരുവനന്തപുരത്ത് ഐ.എം.ജി.യിൽ വെച്ച് ഓറിയന്റേഷൻ ശിൽപ്പശാല നടത്തുകയുണ്ടായി. പ്രോജക്ട് ഡയറക്ടർ അജിത് കുമാർ കോ-ഓർഡിനേറ്റർമാരെ അഭിസംബോധന ചെയ്തു. പ്രോജക്ടിന്റെ വിവിധ ഘടകങ്ങൾ, ആസൂത്രണ പ്രക്രിയ, പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ഉദ്യോഗസ്ഥർ ക്ലാസുകളെടുത്തു.

## പശ്ചാത്തലം

ദശകങ്ങളായി രാജ്യത്തിന് മാതൃകയായിത്തീർന്ന വികേന്ദ്രീകൃതാസൂത്രണ സംവിധാനമാണ് കേരളത്തിൽ നിലവിലുള്ളത്. ഈ സംവിധാനം സുസ്ഥാപിതമാക്കുന്നതിനായിട്ടാണ് വേൾഡ് ബാങ്ക് സഹായത്തോടെ കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്റ്റിന് (കെ.എൽ.ജി.എസ്.ഡി.പി) രൂപം കൊടുത്തിട്ടുള്ളത്.

പ്രോജക്ടിന്റെ ഭാഗമായി വാർഷികമായി പ്രവർത്തന മികവ് ആധാരമാക്കിയുള്ള ഉപാധിരഹിതമായ പെർഫോമൻസ് ഗ്രാന്റ് ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകി വരുന്നു. പെർഫോമൻസ് ഗ്രാന്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഒട്ടേറെ പ്രവൃത്തികൾ പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് ഏറ്റെടുക്കാനാവാത്തവയായുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ വാർഷിക പദ്ധതിയിലെ പെർഫോമൻസ് ഗ്രാന്റ് വിഹിതമുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി വിഭാവനം ചെയ്ത പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂട് (ഇ.എസ്.എം.എഫ്.) പ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനും പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതികൾ തിരിച്ചറിയുന്നതിനുമായി കെ.എൽ.ജി.എസ്.ഡി.പി. വിവിധ നടപടികൾ ആദ്യവർഷം സ്വീകരിക്കുകയുണ്ടായി.

ഇതിലേറ്റവും പ്രധാനം 2011-12 വർഷത്തെ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ജില്ലാ തലത്തിൽ അവലോകനം നടത്തുന്നതിനായി എൻവയോൺമെന്റ് ആൻഡ് സോഷ്യൽ ഫീൽഡ് കൺസൾട്ടന്റ്സിനെ നിയമിച്ചതാണ്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പാരിസ്ഥിതിക-സാമൂഹിക പരിപാലന ചട്ടക്കൂട് നടപ്പാക്കുന്നതിന് വേണ്ട സഹായം നൽകുന്നതിനു വേണ്ടി കൂടിയാണ് ഇ.എസ്.എം.എഫ്. കൺസൾട്ടന്റ്മാരെ നിയമിച്ചത്. 2011 സെപ്റ്റംബർ 14ന് മൂന്ന് മാസത്തേക്കാണ് ഇവർ നിയമിക്കപ്പെട്ടത്.

ജില്ലാതലത്തിൽ നിയമിക്കപ്പെട്ട ഈ കൺസൾട്ടന്റുമാർ തയ്യാറാക്കിയ പട്ടിക പ്രകാരം സംസ്ഥാനത്തൊട്ടാകെ 6952 പദ്ധതികളാണ് പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് നടപ്പാക്കുന്നത്. ഇതിൽ 764 പദ്ധതികൾ കെ.എൽ.ജി.എസ്.ഡി.പി മാർഗനിർദേശങ്ങൾക്കനുസൃതമല്ലാത്തതിനാൽ ഭേദഗതി നിർദ്ദേശിക്കപ്പെട്ടവയാണ്. ഇക്കാര്യം കെ.എൽ.ജി.എസ്.ഡി.പി-യുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തുടർന്ന് ന്യൂനതകൾ പരിഹരിക്കുന്നതിനായി 2011 നവംബർ 15ന് അധിക മാർഗനിർദ്ദേശം പുറപ്പെടുവിച്ചു. ഇതിനനുസൃതമായി തദ്ദേശ ഭരണസ്ഥാപനങ്ങൾ അവയുടെ പദ്ധതികൾ ഭേദഗതി ചെയ്യുകയുണ്ടായി.

## ചുമതലകൾ

പുതിയ പദ്ധതികൾ അംഗീകരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിനും അവ ഇ.എസ്.എം.എഫ്. പ്രകാരം ലെവൽ-1, ലെവൽ-2 എന്നീ വിഭാഗങ്ങളിൽപ്പെടുന്നവയാണോ എന്ന് പരിശോധിക്കുന്നതിനും ജില്ലാ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പിൽ പുതുക്കിയ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങളാണ് പാലിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടത് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഉത്തരവാദിത്തമാണ്.

അവരവർക്ക് ചുമതലയുള്ള ജില്ലകളിലെ തദ്ദേശസ്ഥാപനങ്ങൾ സന്ദർശിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കെ.എൽ.ജി.എസ്.ഡി.പിയെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറേണ്ടതാണ്. കെ.എൽ.ജി.എസ്.ഡി.പി. സഹായമുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ കോ-ഓർഡിനേറ്റർമാർ സന്ദർശിക്കുകയും പ്രവർത്തന പുരോഗതിയുടെ ഡോക്യുമെന്റേഷൻ നടത്തുകയും വേണം. പ്രതിമാസ പ്രവർത്തന വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് സമർപ്പിക്കേണ്ടതാണ്.



കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ട് ഡയറക്ടർ അജിത്കുമാർ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർമരെ അഭിസംബോധന ചെയ്യുന്നു.

## ജില്ലാ കോ-ഓർഡിനേറ്റർമാർ

| ജില്ല | പേര് | ഫോൺ & ഇ-മെയിൽ |
|---|---|---|
| തിരുവനന്തപുരം | റിനി എസ് ജി | 8943916364<br>gouririni@yahoo.com |
| കൊല്ലം | മേരി ലത പി | 9995827621<br>marylathap@gmail.com |
| പത്തനംതിട്ട | എം സി ഗ്രിഗറി | 9446901519<br>m913gc@yahoo.co.in |
| ആലപ്പുഴ | കുര്യൻ ജോർജ് | 9847324473<br>kurienkadayil@yahoo.co.in |
| കോട്ടയം | ജാനറ്റ് ടി.എ | 9946788832<br>janatteta@rediffmail.com |
| ഇടുക്കി | അനീഷ് പി | 9495181155<br>anish.pattiam@gmail.com |
| എറണാകുളം | സജന സി നാരായണൻ | 9995260433<br>sajanak16@gmail.com |
| തൃശ്ശൂർ | ശ്രീവിദ്യ എം ബി | 8943218533<br>sreevidhyamb@ymail.com |
| പാലക്കാട് | മിനി ജോൺ കെ | 9446619197<br>minijohnson2009@gmail.com |
| മലപ്പുറം | വിനോദ് കുമാർ ഇ | 9895304378<br>vinodfarooke@gmail.com |
| കോഴിക്കോട് | ഫഖ്റുന്നിസ റ്റി പി | 9447541236<br>tpfakherunnisa@gmail.com |
| വയനാട് | ജോബി ക്ലമന്റ് | 9446842911<br>jobyclement1@gmail.com |
| കണ്ണൂർ | ഷബീർ എൻ കെ | 9447386328<br>nkshabeer@gmail.com |
| കാസറഗോഡ് | ബേബി ബാലകൃഷ്ണൻ | 94476918337<br>pbabythayath@gmail.com |

## പദ്ധതികളിലൂടെ



നിർമാണം പൂർത്തിയാവുന്ന ആധുനിക മൽസ്യമാർക്കറ്റ്:
**ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്**



കുണ്ടേരി അംഗൻവാടി കെട്ടിടം:
**ചെറുപുഴ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ**

## കെ.എൽ.ജി.എസ്.ഡി.പി – പെർഫോമൻസ് ഗ്രാന്റ് – പുരോഗതി റിപ്പോർട്ട് 2011-12

| ജില്ല | ഗ്രാമ പഞ്ചായത്തുകൾ | | | മുനിസിപ്പാലിറ്റികൾ | | |
|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവാക്കിയ തുക (31.03.12) | % | ബജറ്റ് വിഹിതം | ചെലവാക്കിയ തുക (31.03.12) | % |
| തിരുവനന്തപുരം | 113159000 | 76177718 | 67.32 | 14228000 | 8348193 | 58.67 |
| കൊല്ലം | 104403000 | 75504147 | 72.32 | 9119000 | 5619350 | 61.62 |
| പത്തനംതിട്ട | 54579000 | 40385339 | 73.99 | 6702000 | 2110364 | 31.49 |
| ആലപ്പുഴ | 84614000 | 60167143 | 71.11 | 18643000 | 7597429 | 40.75 |
| കോട്ടയം | 77746000 | 51240325 | 65.91 | 12464000 | 9584672 | 76.90 |
| ഇടുക്കി | 69569000 | 30367803 | 43.65 | 2991000 | 2502447 | 83.67 |
| എറണാകുളം | 90935000 | 65227979 | 71.73 | 24096000 | 11241962 | 46.65 |
| തൃശ്ശൂർ | 101721000 | 62439596 | 61.38 | 18258000 | 13096740 | 71.73 |
| പാലക്കാട് | 115335000 | 81737725 | 70.87 | 14844000 | 9247772 | 62.30 |
| മലപ്പുറം | 130816000 | 88760407 | 67.85 | 20364000 | 11652313 | 57.22 |
| കോഴിക്കോട് | 91552000 | 62672929 | 68.46 | 7438000 | 2051400 | 27.58 |
| വയനാട് | 42571000 | 22895013 | 53.78 | 2176000 | 2175900 | 100.00 |
| കണ്ണൂർ | 90206000 | 66603818 | 73.84 | 19274000 | 10433780 | 54.13 |
| കാസറഗോഡ് | 50073000 | 26611092 | 53.14 | 9403000 | 6373130 | 67.78 |
| **ആകെ** | **1217279000** | **810791034** | **66.61** | **180000000** | **102035452** | **56.69** |

2012 ജൂലൈ 2ലെ സർക്കുലർ നം. 33740/ഡി.എ1/12/തസ്വഭവ പ്രകാരം 2011-12 വർഷത്തെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതും മാർച്ച് 31ന് നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2012-13 വർഷത്തെ പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരണത്തിന് മുൻപായി പൂർണമായും ചെലവഴിക്കേണ്ടതാണ്. നടപ്പുവർഷം പെർഫോമൻസ് ഗ്രാന്റ് വിനിയോഗിക്കുന്ന പ്രോജക്ടുകളിൽ കെ.എൽ.ജി.എസ്. ഡി.പി. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# പഠനയാത്രയ്ക്ക് ബംഗാൾ സംഘം

**കേ**രള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനായി പശ്ചിമബംഗാളിൽ നടപ്പാക്കിവരുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ഓഫ് ഗ്രാമ പഞ്ചായത്സ് (ഐ.എസ്.ജി.പി) സംഘം 2012 ജൂലൈ 23 മുതൽ 27 വരെ സംസ്ഥാനത്ത് സന്ദർശനം നടത്തുകയുണ്ടായി. പഞ്ചായത്തി രാജ് സംവിധാനം സുശക്തമാക്കുന്നതിനായി വേൾഡ് ബാങ്ക് സഹായത്തോടെ പശ്ചിമബംഗാളിൽ 2010 ജൂലൈ മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് ഐ.എസ്.ജി.പി.

ഐ.എസ്.ജി.പി., പശ്ചിമ ബംഗാൾ പഞ്ചായത്ത് ആൻഡ് റൂറൽ ഡെവലപ്മെന്റ് വകുപ്പ്, ലോക്കൽ ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് (എ.ജി) എന്നിവിടങ്ങളിൽ നിന്നുള്ള 12 പേരടങ്ങിയതായിരുന്നു പ്രതിനിധി സംഘം.

ഐ.കെ.എം സന്ദർശിച്ച പ്രതിനിധി സംഘത്തോട് വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന ഐ.കെ.എം. വികസിപ്പിച്ച വിവിധങ്ങളായ സോഫ്റ്റ്‌വേറുകളെക്കുറിച്ച് ഡയറക്ടർ ഡോ. എം.ഷംസുദീൻ വിശദീകരിച്ചു. ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിനായി വിവര സാങ്കേതികവിദ്യ ഉപയോഗിച്ചു നടത്തിയ പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. മറ്റ് ഐ.കെ.എം. ഉദ്യോഗസ്ഥരും പങ്കെടുത്തു.



**കെ.എൽ.ജി.എസ്.ഡി.പി പ്രോജക്ട് ഡയറക്ടർ അജിത്കുമാർ ഐ.എസ്.ജി.പി സംഘവുമായി ചർച്ച നടത്തുന്നു**



**പഞ്ചായത്ത് ഡയറക്ടർ ജെ. സദാനന്ദൻ ഐ.എസ്.ജി.പി സംഘത്തോട് കേരളത്തിലെ പഞ്ചായത്ത് സംവിധാനത്തെക്കുറിച്ച് വിശദീകരിക്കുന്നു**

കേരളത്തിൽ നിലവിലുള്ള ഇന്റേണൽ ഓഡിറ്റ് സംവിധാനത്തെയും പെർഫോമൻസ് അസസ്സ്മെന്റ് സംവിധാനത്തെയും കുറിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സി. ദിവാകരൻ പിള്ള വിശദീകരിച്ചു.

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ കെ.കെ.രാജനും ഡയറക്ടറേറ്റിലെ മറ്റ് ഉദ്യോഗസ്ഥരും സംഘാംഗങ്ങളുമായി നടത്തിയ ചർച്ചയിൽ ഓഡിറ്റിന്റെ നടപടിക്രമങ്ങളേയും പ്രക്രിയകളേയും കുറിച്ച് വിശദമായ അവതരണം നടത്തുകയുണ്ടായി. തുടർന്ന് അക്കൗണ്ടന്റ് ജനറൽ ഓഫീസുമായി ബാഹ്യ ഓഡിറ്റ് സംവിധാനത്തെക്കുറിച്ചുള്ള ചർച്ചയും നടത്തി.

കേരളത്തിലെ പഞ്ചായത്തിരാജ് സംവിധാനത്തെക്കുറിച്ച് പഞ്ചായത്ത് ഡയറക്ടർ ജെ. സദാനന്ദൻ പ്രതിനിധി സംഘാംഗങ്ങളോട് വിശദമായി സംസാരിച്ചു. കെ.എൽ.ജി.എസ്.ഡി.പിയുടെ പ്രവർത്തന പങ്കാളികളായ സ്ഥാപനങ്ങളുമായി ഐ.എസ്.ജി.പി. സംഘാംഗങ്ങൾ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി. കില, എസ്.ഐ.ആർ.ഡി., ഡീസെൻട്രലൈസേഷൻ അനാലിസിസ് സെൽ (ഡി.എ.സി) എന്നിവയുടെ പ്രതിനിധികൾ സന്നിഹിതരായിരുന്നു.

## പദ്ധതികളിലൂടെ



ഡ്രെയ്നേജ് സംവിധാനത്തോടെയുള്ള റോഡ്: **വാഴയൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം**



പാടശേഖരസമിതികൾക്ക് വാങ്ങിയ മെതിയന്ത്രത്തിന്റെ ഉദ്ഘാടനം: **വരദൂർ, പൂതാടി ഗ്രാമ പഞ്ചായത്ത്, വയനാട്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും കെ.എൽ.ജി. എസ്.ഡി.പി-യുടെ പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനവും വിലയിരുത്തുന്നതിനായി സംഘാംഗങ്ങൾ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയും ആര്യനാട്, പൂവച്ചൽ ഗ്രാമപഞ്ചായത്തുകളും സന്ദർശിച്ചു.

പഞ്ചായത്തുകളുടെ പൊതു അവസ്ഥയ്ക്കു പുറമേ അക്കൗണ്ടിംഗ് അടക്കമുള്ള സംവിധാനങ്ങളെക്കുറിച്ചും കെ.എൽ.ജി.എസ്.ഡി.പി-യ്ക്ക് കീഴിലുള്ള പദ്ധതികളെക്കുറിച്ചും ഐ.എസ്.ജി.പി. സംഘങ്ങൾ ചോദിച്ചു മനസ്സിലാക്കി. സന്ദർശനത്തിനിടെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കുക്കുർണി അഗ്രോ ക്ലിനിക്കിൽ വെച്ചു നടന്ന ഗ്രാമസഭയിലും സംഘം പങ്കെടുത്തു.

സന്ദർശനത്തിന്റെ അവസാന ദിവസം ഐ.എസ്.ജി.പി. പ്രോജക്റ്റിനെക്കുറിച്ച് വിശദമായ ഒരു അവതരണം നടത്തുകയുണ്ടായി. കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്റ്റ് ഡയറക്ടറും മറ്റ് പി.എം.യു. ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇരു പദ്ധതികളിലുമുള്ള വിവിധ പ്രശ്നങ്ങൾ ചർച്ചാവിഷയമായി.



**ഐ.എസ്.ജി.പി സംഘം നെടുമങ്ങാട് നഗരസഭ ചെയർപെഴ്സൺ ലേഖാ സുരേഷിനൊപ്പം**



**ആര്യനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രാധാകൃഷ്ണൻ ഐ.എസ്.ജി.പി സംഘത്തോടൊപ്പം**

## പദ്ധതികളിലൂടെ



നവീകരിച്ച കോൺഫറൻസ് ഹാൾ: **കാങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ**

## പദ്ധതികളിലൂടെ



പഞ്ചായത്ത് ഓഫീസ് നവീകരണം: **മീനങ്ങാടി ഗ്രാമ പഞ്ചായത്ത്, വയനാട്**

# സേവനപ്രദാന സർവ്വേ

**കേ**രള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ ഭാഗമായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനങ്ങളെക്കുറിച്ചും പൗരന്മാരുടെ സംതൃപ്തിയെക്കുറിച്ചുമുള്ള പ്രവണതകൾ മനസ്സിലാക്കുന്നതിനായി ഒരു സർവ്വേ നടത്തുന്നതാണ്. സംസ്ഥാന വ്യാപകമായി നടക്കുന്ന സർവ്വേ താഴെപ്പറയുന്ന ഘടകങ്ങളാണ് വിലയിരുത്തുക: ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഉത്തരവാദിത്തമുള്ള മേഖലകളിലെ സേവന പ്രദാനം, പൊതുജനങ്ങളുടെ സംതൃപ്തി, പ്രാഥമിക സേവനങ്ങളുടെ ഉപയോഗം, തദ്ദേശഭരണ ആസൂത്രണത്തേയും ബജറ്റ് പ്രക്രിയയേയും കുറിച്ചുള്ള അവബോധം.

കൊച്ചി ആസ്ഥാനമായുള്ള സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിനെയാണ് (സി.എസ്.ഇ.എസ്) സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

# കെ.എൽ.ജി.എസ്.ഡി.പി. പ്രവർത്തനങ്ങളിൽ ഐ.കെ.എം. പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള ചുമതല കേരള സർക്കാർ ഇൻഫർമേഷൻ കേരള മിഷനെയാണ് (ഐ.കെ.എം) ഏൽപ്പിച്ചിട്ടുള്ളത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും അക്കൗണ്ടിംഗ് കാര്യക്ഷമമാക്കുന്നതിനും റവന്യൂ വരുമാനങ്ങളുടെ വിവരസഞ്ചയം ഇലക്ട്രോണിക് രൂപത്തിലാക്കുന്നതിനുമായി ഇൻഫർമേഷൻ കേരള മിഷന് കെ.എൽ.ജി.എസ്.ഡി.പി. സഹായം ലഭ്യമാക്കുന്നതാണ്.



പശ്ചിമ ബംഗാളിൽ നിന്നുമുള്ള ഐ.എസ്.ജി.പി സംഘത്തിനുവേണ്ടി ഐ.കെ.എം നടത്തിയ പ്രസന്റേഷൻ.

ഇന്ത്യയിൽ ആദ്യമായി ത്രിതല പഞ്ചായത്തുകളിൽ അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. സാംഖ്യ കാസറഗോഡ് ജില്ലയിൽ നൂറു ശതമാനം നടപ്പായിക്കഴിഞ്ഞു. അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് പ്രക്രിയയ്ക്കായുള്ള സാംഖ്യ സോഫ്റ്റ്‌വേറും ഇതുമായി ബന്ധപ്പെട്ട മറ്റ് ഐ.കെ.എം ആപ്ലിക്കേഷനുകളും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലാകെ സമ്പൂർണ്ണമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകേണ്ടതുണ്ട്.

ഇതിലേക്കായി ബ്ലോക്ക് തലത്തിൽ ഓരോ അക്കൗണ്ടന്റ്-കം-ഐടി എക്സ്പെർട്ടിനെ കെ.എൽ.ജി.എസ്.ഡി.പിയുടെ ഭാഗമായി നിയമിച്ച് കഴിഞ്ഞു.

സാംഖ്യയും, സാംഖ്യയുമായി ഉദ്ഗ്രഥിച്ച് പ്രവർത്തിക്കുന്ന മറ്റ് ഐ.കെ.എം. ആപ്ലിക്കേഷനുകളും കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് ജീവനക്കാർക്ക് സഹായം നൽകുകയാണ് അക്കൗണ്ടന്റ്-കം-ഐടി എക്സ്പെർട്ട്മാരുടെ ചുമതല.

2011-12ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പൂർത്തിയാക്കാത്ത ഇടങ്ങളിൽ അതിനാവശ്യമായ സഹായം ഇവർ നൽകി. 2011-12ൽ തന്നെ സാംഖ്യ വിന്യസിച്ച് പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലും 2012-13ൽ സാംഖ്യ വിന്യസിക്കുന്ന പഞ്ചായത്തുകളിലും അക്കൗണ്ടന്റ്-കം-ഐടി എക്സ്പെർട്ട്മാരുടെ സേവനം ലഭ്യമാകും.

വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിടങ്ങളുടെ വാടക, ലൈസൻസ് ഫീസ് തുടങ്ങിയ റവന്യൂ വരുമാനങ്ങളുടെ വിവരസഞ്ചയം സൃഷ്ടിക്കുന്നതിന് ഐ.കെ.എം. വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായമാണ് കെ.എൽ.ജി.എസ്.ഡി.പിയുടെ മറ്റൊരു ഘടകം. ഇതിനായി പഞ്ചായത്തുകളിൽ ഡാറ്റ എൻട്രി ക്ലാർക്കുമാരെ നിയമിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാറിന്റെ പരിഗണനയിലാണ്.

## പ്രചോദനം പകർന്ന് *തദ്ദേശസേവന വാർത്ത*

*തദ്ദേശസേവന വാർത്ത*യുടെ ജൂൺ ലക്കത്തിൽ പദ്ധതികളിലൂടെ എന്ന പംക്തിയിൽ വടകര നഗരസഭ നടപ്പാക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമാണദശയിലുള്ള ചിത്രം നൽകിയിരുന്നു. ഇതേത്തുടർന്ന് ഫറോക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസിഡന്റ് സരസു വാളക്കട, വൈസ് പ്രസിഡന്റ് കെ. ടി. അബ്ദുൾ മജീദ്, ആരോഗ്യ സ്ഥിരം സമിതി ചെയർപെഴ്സൺ പ്രജല എൻ, പഞ്ചായത്തംഗം ശാരദ, സെക്രട്ടറി ടി. അബ്ദുനാസർ എന്നിവരടങ്ങിയ സംഘം പദ്ധതിപ്രദേശം സന്ദർശിക്കുകയും വിശദാംശങ്ങൾ മനസിലാക്കുകയും ചെയ്തു. പദ്ധതികൾക്ക് രൂപംകൊടുക്കുന്ന വേളയിൽ ഈ സന്ദർശനം പ്രയോജനപ്പെടുമെന്നാണ് പഞ്ചായത്തിന്റെ പ്രതീക്ഷ.

## പദ്ധതികളിലൂടെ



നവീകരിച്ച പഞ്ചായത്ത് ഓഫീസ്: **തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം**



നിർമാണം പൂർത്തീകരിച്ച ഇ-ടോയ്‌ലറ്റ്: **പയ്യന്നൂർ നഗരസഭ, കണ്ണൂർ**

Published by Ajit Kumar IAS, Project Director, Kerala Local Government Servie Delivery Project
Department of Local Self Government, Government of Kerala, 1st Floor, Punarjani, Panavila Jn., Thiruvananthapuram- 695001
Editor: H Shaji | Ph: 0471 2333011, 2333013 | Fax: 0471 2333015 | e-mail: pmuklgsdp@gmail.com | www.klgsdp.org
Printed at SK Offset, Thycaud, Thiruvananthapuram Ph: 0471 3226695
For Private Circulation only